**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5241** **12-08-2021 - ൽ മറുപടിയ്ക്ക്**

**ട്രഷറികളിലെ കോർ ബാങ്കിംഗ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കിയതിന് ശേഷം ഗുണപരമായ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയതിനുശേഷമുണ്ടായ ഗുണപരമായ മാറ്റങ്ങൾ ചുവടെ ചേർക്കുന്നു. 1. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമയ്ക്ക് സംസ്ഥാനത്തെ ഏതു ട്രഷറിയിൽ നിന്നും പണമിടപാടുകൾ നടത്തുവാൻ കഴിയുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട നേട്ടം. വിവിധ വകുപ്പുകളുടെ പദ്ധതി/പദ്ധതിയേതര ചെലവ് ശീർഷകത്തിൽ നിന്നും/ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകൾ, പി.ഡി അക്കൗണ്ടുകൾ എന്നിവയിൽ നിന്നും തുക ഗുണഭോക്താവിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ടിലേക്ക് നൽകുവാൻ കഴിയുന്നു. കൂടാതെ, സർക്കാർ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്കും, ജീവനക്കാരുടെ താത്പര്യമനുസരിച്ച് ട്രഷറി അക്കൗണ്ടിൽ നിലനിർത്തുന്ന തുക ആവശ്യാനുസരണം ഓൺലൈൻ ഇടപാടിലൂടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുവാനുള്ള സൗകര്യവും നിലവിൽ വന്നു. പ്രതിമാസ പെൻഷനും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും പെൻഷൻകാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുവാനുള്ള സൗകര്യവും നിലവിലുണ്ട്. 2. https://tsbonline.kerala.gov.in/ എന്ന വെബ് ആപ്ലിക്കേഷൻ മുഖേന ട്രഷറി അക്കൗണ്ടിൽ നിന്ന് പണം ബാങ്ക് അക്കൗണ്ടിലേക്കും, etreasury.kerala.gov.in ആപ്ലിക്കേഷൻ മുഖേന ബാങ്ക് അക്കൗണ്ടിൽ നിന്ന് ട്രഷറി അക്കൗണ്ടിലേക്കും ഓൺലൈനായി പണം ട്രാൻസ്ഫർ ചെയ്യാവുന്നതാണ്. 3. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും ബെനിഫിഷ്യറിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിനായി NEFT/RTGS സൗകര്യം ഏർപ്പെടുത്തുകയുണ്ടായി. 4. കേരള |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ ഔദ്യോഗിക PAYMENT GATEWAYആയ ഇ-ട്രഷറി (etreasury.kerala.gov.in) മുഖാന്തിരം കേരള സർക്കാരിന്റെ എല്ലാവിധ ELECTRONIC FUND SETTLEMENT-കളും നടത്തുവാൻ കഴിയുന്നു. ഐ.എഫ്.എം.എസ് നടപ്പിലാക്കിയതിന്റെ ഭാഗമായി സർക്കാരിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾക്ക് പൊതുജനങ്ങൾ നൽകേണ്ട നികുതി, മറ്റ് ഫീസുകൾ എന്നിവ ഇ-ട്രഷറി മുഖേന ഒടുക്കാവുന്നതാണ്. 65-ഓളം ബാങ്കുകളുടെ നെറ്റ് ബാങ്കിംഗ് സൗകര്യം, ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് പേയ്മെന്റ്, UPI, e-POS സംവിധാനം എന്നിവ ഉപയോഗിച്ച് സർക്കാരിൽ നിന്നും ലഭിക്കുന്ന വിവിധ സേവനങ്ങൾക്കുള്ള പണം ഇ-ട്രഷറി മുഖേന ഒടുക്കാവുന്നതാണ്. ഇ-ട്രഷറി ആപ്ലിക്കേഷൻ മറ്റ് വകുപ്പുകളുടെ സോഫ്റ്റ്വെയർ ആപ്ലിക്കേഷനുമായി സംയോജിപ്പിച്ചിട്ടുണ്ട്. |
| (ബി) | ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകളിലേക്ക് പൊതുജനങ്ങളെ കൂടുതൽ ആകർഷിക്കുന്നതിന് ഉതകുന്ന തരത്തിൽ ക്രമീകരണങ്ങൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകളിലേക്കു പൊതുജനങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനായി നിലവിൽ നൽകി വരുന്ന സേവനങ്ങളും അതോടനുബന്ധിച്ച് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളും ചുവടെ ചേർക്കുന്നു. 1. ട്രഷറി സ്ഥിരനിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നൽകി വരുന്നുണ്ട്. സ്ഥിര നിക്ഷേപത്തിന്റെ പ്രതിമാസ പലിശ ഓരോ മാസത്തിലെയും ആദ്യ പ്രവർത്തി ദിവസം തന്നെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത് നൽകുന്നു. ഇടപാടുകാരുടെ താത്പര്യ പ്രകാരം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ഓൺലൈനായി മറ്റ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുവാനും ബാങ്ക് അക്കൗണ്ടിൽ നിന്നും ട്രഷറി അക്കൗണ്ടിലേക്ക് മാറ്റുവാനും നിലവിൽ സൗകര്യമുണ്ട്. 2. ട്രഷറി സേവിംഗ്സ് ബാങ്ക് പാസ്സ് ബുക്ക് നവീകരിക്കുകയും, ഇടപാട് വിവരങ്ങൾ പാസ്സ്ബുക്കിൽ പ്രിന്റ് ചെയ്തു നൽകുകയും ചെയ്തു വരുന്നു. സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റും പ്രിന്റ് ചെയ്തു നൽകുന്നുണ്ട്. 3. നിക്ഷേപകൻ മുൻകൂട്ടി നിർദ്ദേശിക്കുന്ന പക്ഷം കാലാവധി തീരുന്ന സ്ഥിരനിക്ഷേപങ്ങൾ സ്വയമേവ പുതുക്കുക, ഓൺലൈനായി സ്ഥിരനിക്ഷേപം/ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുവാനുള്ള സൗകര്യം എന്നിവയ്ക്കായിട്ടുള്ള സോഫ്റ്റ്വെയർ നിർമ്മാണം പുരോഗമിക്കുന്നു. 4. 1873-ലെ Government Savings Bank നിയമം 15-ലെ അധികാരമുപയോഗിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച Government Savings Promotion Rules, 2018 ചട്ടം 14, 15(6) എന്നിവയെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനമാക്കി കേരള ട്രഷറി കോഡ് വാല്യം II, അനുബന്ധം 3, ചട്ടം 15 ആവശ്യമായ ഭേദഗതി നിലവിൽ വരുമ്പോൾ അക്കൗണ്ട് ഉടമ/നിക്ഷേപകൻ ആഗ്രഹിക്കുന്ന തരത്തിൽ രണ്ട് രീതിയിൽ നോമിനേഷൻ സമർപ്പിക്കാവുന്നതാണ്. നോമിനിയ്ക്ക് നിക്ഷേപ തുക കൈപ്പറ്റി അനുഭവിക്കാനുള്ള പൂർണ്ണ അവകാശം നൽകുന്നതും മറ്റൊന്ന് അവകാശികൾക്ക് വേണ്ടി നിക്ഷേപ തുക കൈപറ്റുവാൻ നോമിനിയ്ക്ക് അവകാശം നൽകുന്നതും. മേൽ പ്രകാരമുള്ള നോമിനേഷൻ അക്കൗണ്ട് ഉടമ സമർപ്പിച്ചിട്ടില്ലായെങ്കിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചപ്പോൾ അക്കൗണ്ട് ഉടമ ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ള കെ.വൈ.സി-യിൽ രേഖപ്പെടുത്തിയിട്ടുള്ള നോമിനിക്ക്/നോമിനികൾക്ക് തുക കൈപ്പറ്റുവാനുള്ള അവകാശം നൽകുന്ന തരത്തിൽ ചട്ടം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ഇപ്രകാരം ട്രഷറി ഉപയോക്താക്കൾക്ക് നൽകുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 5. ട്രഷറികളിലെത്തുന്ന ഇടപാടുകാർക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിന് ക്യൂ മാനേജ്മെന്റ് സംവിധാനം ഒരുക്കുന്നതിനുള്ള ഉപകരണം GEM മുഖാന്തിരം വാങ്ങി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഐ.എഫ്.എം.എസ് സംവിധാനത്തിന്റെ കാര്യക്ഷമതയും ഇടപാടുകളുടെ വേഗതയും വർധിപ്പിക്കുന്നതിനായി 2.5 കോടി രൂപ മുടക്കി പുതിയ സെർവർ സ്ഥാപിക്കുകയും ചെയ്തതിനെ തുടർന്ന് നിലവിൽ ഇടപാടുകൾ സുഗമമായി നടക്കുന്നു. |
| (സി) | ട്രഷറി ബാങ്കിംഗ് സംവിധാനത്തിലൂടെ ഇടപാടുകാരുടെ ദൈനംദിന സാമ്പത്തിക ഇടപാടുകൾ നടത്താൻ കഴിയുന്ന വിധത്തിൽ എ.ടി.എം. ഉൾപ്പെടെയുള്ള ഓൺലൈൻ സംവിധാനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | വാണിജ്യ ബാങ്കുകളുമായി ചേർന്ന് ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് എ.ടി.എം സൗകര്യം ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിരുന്നുവെങ്കിലും ആയതിനു റിസർവ്വ് ബാങ്കിന്റെ അനുമതി ലഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ